## കെ-റെയിൽ പദ്ധതിക്കായുള്ള പാരിസ്ഥിതികാഘാത പഠനം

76 (76) ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. എ. കെ. എം. അഷ്‌റഫ്:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കെ-റെയിൽ പദ്ധതി നടപ്പാക്കുന്നതുകൊണ്ട് ഉണ്ടാകാവുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് പഠനം നടത്തിയിരുന്നുവോ?

സിൽവർലൈൻ പാതയ്ക്കായുള്ള ദ്രുത പരിസ്ഥിതി ആഘാത പഠനം കേരള റെയിൽ ഡെവലപ്‌മെന്റ് കോർപ്പറേഷൻ, സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്‌മെന്റ് എന്ന തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം മുഖേന നടത്തിയിരുന്നു.

(ബി) കെ-റെയിൽ പദ്ധതി പരിസ്ഥിതിയെ ഏതുതരത്തിൽ ബാധിക്കുമെന്നാണ് പ്രസ്തുത പഠനത്തിൽ സൂചിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത EIA പഠനത്തിന്റെ കണ്ടെത്തലുകളുടെയും ലഘൂകരണ നടപടികളുടെയും മാനേജ്മെന്റ് പ്ലാനിന്റെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ, JICA E&S മാർഗ്ഗനിർദ്ദേശങ്ങൾക്കും ദേശീയ, സംസ്ഥാന, പ്രാദേശിക പാരിസ്ഥിതിക നിയന്ത്രണങ്ങൾക്കും അനുസൃതമായാണ് സിൽവർലൈൻ പ്രോജക്ടെന്ന് പഠനത്തിൽ നിഗമനമുണ്ട്. കൂടാതെ, പ്രതികൂല പാരിസ്ഥിതിക ആഘാതങ്ങൾ കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിർദ്ദിഷ്ട ലഘൂകരണ നടപടികളുടെ ഫലപ്രദമായ നടപ്പാക്കൽ, പരിസ്ഥിതി മാനേജ്മെന്റ്, മോണിറ്ററിംഗ് പ്ലാൻ എന്നിവ നടപ്പിലാക്കുന്നതാണ്. കേരളത്തിലെ സിൽവർലൈൻ ഇടനാഴിയുടെ നിർദ്ദിഷ്ട വികസനം കേരള സംസ്ഥാനത്തിലെ ജനങ്ങൾക്കും സമ്പദ്‌വ്യവസ്ഥയ്ക്കും ഒരു അനുഗ്രഹമായി മാറുമെന്നാണ് പ്രസ്തുത റിപ്പോർട്ടിൽ ഉപസമാഹരണം ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത വിഷയത്തിന്മേൽ വീണ്ടും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ റാപ്പിഡ് എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡിയാണ് നടത്തിയിരുന്നത്. മൂന്നുമാസത്തെ റാപിഡ് ഇ.ഐ.എ. പഠനമായിരുന്നു ഇത്. ഇതിനുപുറമെ ഒരു കൊല്ലത്തെ മുഴുവൻ സാഹചര്യങ്ങളും വിലയിരുത്തി

LIBRARY ARCHIVES Kerala Legislative Assembly

വായുവിന്റേയും വെള്ളത്തിന്റേയും അവസ്ഥകൾ പഠിക്കുന്ന കോംപ്രിഹെൻസീവ് സ്റ്റഡിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. റാപ്പിഡ് സ്റ്റഡിയിൽ കണ്ടെത്താതെപോയ എന്തെങ്കിലും പ്രശ്നങ്ങളുണ്ടോയെന്നും അങ്ങനെയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുംകൂടിയാണ് പ്രസ്തുത പഠനം നടത്തുന്നത്.

## സിൽവർലൈൻ പദ്ധതി

77(77) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിക്കായി നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഡി.പി.ആർ. പ്രകാരം ഓവർബ്രിഡ്ജുകളുടെയും എംബാങ്ക്മെന്റുകളുടെയും ആകെ നീളം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഡി.പി.ആർ.പ്രകാരം ബ്രിഡ്ജുകളുടെ നീളം 12.991 കിലോമീറ്ററും എംബാങ്ക്മെന്റിന്റെ നീളം 292.728 കിലോമീറ്ററുമാണ്.

(ബി) പദ്ധതിക്കായി എത്രവീതം മേൽപ്പാലങ്ങളും അടിപ്പാതകളും പി-കട്ടിംഗുകളും കട്ട് ആൻഡ് കവറുകളുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

പദ്ധതിക്കായി 682 മേൽപ്പാലങ്ങളും അടിപ്പാതകളുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ കട്ടിംഗ് - 101.73 കി.മീ., കട്ട് & കവർ - 24.789 കി.മീ., വയാഡക്റ്റ് - 88.412 കി.മീ. എന്നിവയും നിർമ്മിക്കേണ്ടതായിവരും.

(സി) പദ്ധതിക്കായി നിർമ്മിക്കാനുദ്ദേശിക്കുന്ന എംബാങ്ക്മെന്റുകളുടെ പരമാവധി ഉയരം, ശരാശരി ഉയരം എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

എംബാങ്ക്മെന്റുകളുടെ പരമാവധി ഉയരം രണ്ട് മുതൽ എട്ട് മീറ്റർ വരെയാണ്.

(ഡി) നിലവിലെ ഡി.പി.ആർ. പ്രകാരം പദ്ധതി എത്ര വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

റെയിൽവേ ബോർഡിൽനിന്നും അന്തിമ അനുമതി ലഭിച്ച് അഞ്ച് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly